ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽവകുപ്പിന്റെ കീഴിൽ ഒരു തസ്തികയിലും ഒഴിവുകളില്ല.

(ബി&സി) ബാധകമല്ല.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ ജോലി ചെയ്യുന്നവർ

82 (4138) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഐ.ഐ.എം. (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) എന്ന സ്ഥാപനത്തിന് ഭൂമി നൽകിയ പരിസരവാസികളായ 155 പേർ അവിടെ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ മേൽ സ്ഥാപനത്തിലെ കരാർ 29-6-2010 മുതൽ ഗുരുവായനി സെക്യൂരിറ്റി സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് സെക്കന്തരാബാദിന് നൽകിയതോടെ യാതൊരു മുന്നറിയിപ്പും കൂടാതെ ഇവർക്ക് തൊഴിൽ നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർക്കു നൽകേണ്ട യാതൊരു ആനുകൂല്യങ്ങളും നൽകില്ല എന്നത് പരിശോധിക്കുമോ ;

(ഡി) ഈ തൊഴിലാളികൾക്ക് നഷ്ടപ്പെട്ട തൊഴിൽ തിരിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കോഴിക്കോട് കുന്ദമംഗലത്ത് സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള സ്ഥാപനമായതിനാൽ ടി സ്ഥാപനത്തിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ എറണാകുളത്ത് സ്ഥിതിചെയ്യുന്ന സെൻട്രൽ അസിസ്റ്റന്റ് ലേബർ കമ്മീഷണറാണ് കൈകാര്യം ചെയ്യുന്നത്.

അപ്രന്റീസ് പരിശീലനം

83 (4139) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രന്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് നോൺ എഞ്ചിനീയറിംഗ് ട്രേഡുകളിൽ അപ്രന്റീസ് പരിശീലനം നിർബന്ധിതമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly